# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4535 — 22.07.2015-ൽ മറുപടിയ്ക്ക്

## വനവിഭവങ്ങളുടെ സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ<br>,, ഹൈബി ഈഡൻ<br>,, എ.പി. അബ്ദുള്ളക്കുട്ടി<br>,, വർക്കല കഹാർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) വനവിഭവങ്ങൾ ശാസ്ത്രീയമായി ശേഖരിക്കുവാൻ ആദിവാസികൾക്ക് പരിശീലനം നൽകുമോ ; | എ) ചെറുകിട വനവിഭവങ്ങൾ ശാസ്ത്രീയമായി ശേഖരിക്കുന്നതിനും, സംഭരിക്കുന്നതിനും. സംസ്കരിക്കുന്നതിനും, മൂല്യവർദ്ധനവ് നടത്തുന്നതിനുമായി വന സംരക്ഷണ സമിതി അംഗങ്ങൾക്ക് വനം സർക്കിൾ തലത്തിൽ കീസ്റ്റോൺ ഫൗണ്ടേഷൻ, ഔഷധി മുതലായ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി പരിശീലനം നൽകുന്നുണ്ട്. ഏകദേശം 500 ഓളം വന സംരക്ഷണ സമിതി അംഗങ്ങൾക്ക് ഇതിനോടകം പരിശീലനം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതൊരു തുടർ പരിപാടിയാണ്. |
| ബി) ആദിവാസികൾക്ക് വന വിഭവങ്ങൾക്ക് ന്യായവില ലഭിക്കുവാൻ വനം വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | ബി) വന സംരക്ഷണ സമിതികൾ, ഇക്കോ-ഡെവലപ്പ്മെന്റ് കമ്മറ്റികൾ എന്നിവ വഴി ആദിവാസികൾ കാട്ടിൽ നിന്നും ശേഖരിക്കുന്ന വന വിഭവങ്ങൾ ന്യായവില നൽകി വാങ്ങി അവയിൽ നിന്നും തയ്യാറാക്കുന്ന ഗുണമേന്മയുള്ള വിഭവങ്ങൾ 'വനശ്രീ' എന്ന ബ്രാൻഡ് നൽകി വിറ്റഴിക്കുന്നതിന് രണ്ട് മൊബൈൽ യൂണിറ്റുകൾ ഉൾപ്പെടെ 37 ഇക്കോഷോപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ഓണം. റംസാൻ, ക്രിസ്മസ് മേളകൾ, പ്രദർശനങ്ങൾ എന്നിവയോടനുബന്ധിച്ച് 'വനശ്രീ' സ്റ്റാളുകൾ തുറന്ന് വനവിഭവങ്ങൾ വിപണനം നടത്തുന്നുണ്ട്. വന വിഭവങ്ങൾ ജനങ്ങൾക്ക് നേരിട്ട് എത്തിയ്ക്കുക എന്ന ലക്ഷ്യത്തോടെ |

യാണ് തിരുവനന്തപുരം/ മലയാറ്റൂർ എന്നി വന വികാസ ഏജൻസി കളുടെ മേൽ നോട്ടത്തിൽ രണ്ട് മൊബൈൽ വനശ്രീ യൂണിറ്റുകൾ ആരംഭിച്ചത്. ഇപ്രകാരം ഗുണമേന്മ വരുത്തി വനവിഭവങ്ങൾ വിറ്റഴിക്കുന്നതിലൂടെ ആദിവാസികൾക്ക് മെച്ചപ്പെട്ട വിലയും മൂല്യവർദ്ധനയിലൂടെ ലാഭ വിഹിതവും ലഭിക്കുന്നുണ്ട്.

സി) വന വിഭവങ്ങൾ ഏതൊക്കെ സംവിധാനങ്ങളിലൂടെയാണ് വനം വകുപ്പ് സംഭരിക്കുന്നത്?

സി) വനാവകാശ നിയമം 2006 പ്രകാരം വനവിഭവ ശേഖരണവും, വിപണനവും ആദിവാസികൾ ഉൾപ്പടെയുള്ള പരമ്പരാഗത വനവാസികളുടെ സാമൂഹിക അവകാശമാണ്. അവർ ശേഖരിക്കുന്ന വനവിഭവങ്ങൾ വന വികസന ഏജൻസികളുടെ കീഴിൽ പ്രവർത്തിക്കുന്ന വന സംരക്ഷണ സമിതികൾ, ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റികൾ എന്നിവ വഴി നേരിട്ട് സംഭരിക്കുന്നു. ഇങ്ങനെ ശേഖരിക്കുന്ന വന വിഭവങ്ങൾ മൂല്യവർദ്ധനവ് നടത്തി വനശ്രീ ഇക്കോ ഷോപ്പുകൾ വഴി വിപണനം നടത്തുന്നു.

സെക്ഷൻ ഓഫീസർ